എസ്.റ്റി.എ.(1) 14950/2009/ആർ.സി.എസ്.

# സർക്കുലർ നമ്പർ 19/2009

വിഷയം : സഹകരണവകുപ്പ് - സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ 2008-2009 വർഷത്തെ നമ്പർ സ്റ്റേറ്റുമെന്റും സംഘങ്ങളുടെ പട്ടികയും - ശേഖരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.

2008-2009 വർഷത്തെ നമ്പർ സ്റ്റേറ്റുമെന്റും സംഘങ്ങളുടെ പട്ടികയും ശേഖരിക്കുന്നതിനായി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## 1. നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും

2008-2009 വർഷത്തിൽ ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എല്ലാ പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തിയതി, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ചട്ടം 15 പ്രകാരമുള്ള തരംതിരിവ് എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ (അനുബന്ധം - 1) സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കു പുറമേ എന്തെങ്കിലും അധികമായി രേഖപ്പെടുത്തുകയാണെങ്കിൽ ആയത് റിമാർക്ക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സംഘങ്ങളുടെ പേര് അടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റെയും നേരെ ഇപ്പോൾ പ്രവർത്തിക്കുന്നതാണോ പ്രവർത്തനരഹിതമാണോ? ലിക്വിഡേഷനിൽ തുടരുന്നവയാണോ? തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും, ചട്ടം 15 പ്രകാരമുള്ള ശരിയായ തരം തിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്) തുടങ്ങിയ ഓരോ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാത് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കോളത്തിൽ യാതൊരു രേഖപ്പെടുത്തലും കൂടാതെ അയക്കുവാൻ പാടില്ലാത്തതും ഏതെങ്കിലും സംഘത്തെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ബാധകമല്ലായെങ്കിൽ ആയത് ബാധകമല്ല എന്ന് രേഖപ്പെടുത്തേണ്ടതും അധിക വിവരങ്ങൾ എന്തെങ്കിലും രേഖപ്പെടുത്തുവാൻ ഉണ്ടെങ്കിൽ ആയത് റിമാർക്ക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 2. പുതുതായി രജിസ്റ്റർ ചെയ്തതും ലിക്വിഡേറ്റ് ചെയ്തതും

2008–2009 വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത സംഘങ്ങളുടെയും ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളുടെയും പേര് വിവരം, തരം തിരിവ്, വിലാസം, രജിസ്റ്റർ ചെയ്ത തിയതി, രജിസ്റ്റർ നമ്പർ എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകം നൽകേണ്ടതാണ്.

അപ്രകാരം തയ്യാറാക്കിയ നമ്പർ സ്റ്റേറ്റ്മെന്റ് **30.06.2009** ന് മുമ്പായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റുകൾ യഥാസമയം കൃത്യതയോടെ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഈ വർഷത്തെ സ്റ്റേറ്റുമെന്റുകൾ നിശ്ചിത സമയ പരിധിക്കകം കൃത്യതയോടെ സമർപ്പിക്കേണ്ടതും സമർപ്പിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടി വരുമെന്നും ഓർമ്മിപ്പിക്കുന്നു.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് : 1. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
2. എല്ലാ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്) മാർക്കും
3. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
4. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

റിസർച്ച് ഓഫീസർ (ഇൻ ചാർജ്ജ്)